സാഹിത്യവാരഫലം

1990/07/08 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1990/07/08-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

വാൾട്ടർ ദ ല മർ

എന്റെ ഒരു കൂട്ടുകാരൻ ഇംഗ്ലീഷ് കവി വാൾട്ടർ ദ ല മറിന്റെ (de la Mare) കാവ്യങ്ങളെക്കുറിച്ച് ഡി. ലിറ്റ് തീസിസ് എഴുതുകയായിരുന്നു. അദ്ദേഹത്തിന്റെ കൈയിൽ ആ കവിയുടെ സമ്പൂർണ്ണ കാവ്യസമാഹാരം ഇരിക്കുന്നതു കണ്ട് ഞാൻ ചോദിച്ചു. ‘നോവൽ വായിക്കുന്നതുപോലെ ഒറ്റയിരുപ്പിൽ ഇതു വായിച്ചു തീർക്കുമോ?’ സുഹൃത്ത് മറുപടി പറഞ്ഞത് ഇങ്ങനെ: ‘ഒരു കവിത വായിച്ചു തീരുമ്പോൾ അതിന്റെ കണ്ണഞ്ചിപ്പിക്കുന്ന സൗന്ദര്യം കണ്ട് ഞാൻ പരവശനായിപ്പോകും. തുടർന്നു വായിക്കാൻ താല്പര്യം തോന്നുമെങ്കിലും ഞാനതു ചെയ്യില്ല. സൗന്ദര്യം പൂർണ്ണമായും ആസ്വദിച്ചു കഴിഞ്ഞാൽ പിന്നെന്തു ചെയ്യും? അതുകൊണ്ടു പണം ചെലവാക്കാതെ സൂക്ഷിച്ചു വയ്ക്കുന്നതുപോലെ ഞാൻ ആസ്വാദന തല്പരത്വത്തെ നിയന്ത്രിക്കും. വേറൊരു ദിവസം വേറൊരു കവിത വായിക്കും. ഉടനെ പുസ്തകം അടച്ചുവയ്ക്കും’. സ്നേഹത്തിന്റെ ആ വാക്കുകൾ കേട്ടിട്ട് എനിക്ക് ആഹ്ലാദമേ ഉണ്ടായുള്ളു. ഞാനും ആ വിധത്തിൽ വായിക്കുന്നവനാണ്. 1936-ൽ ആണെന്നു തോന്നുന്നു ചങ്ങമ്പുഴയുടെ ‘ബാഷ്പാഞ്ജലി’ എന്റെ കൈയിൽ കിട്ടിയത്. ആദ്യത്തെ കാവ്യം ‘ആ പൂമാല’ വായിച്ചു. ഹർഷാതിശയത്തിൽ വീണു. തുടർന്നങ്ങു വായിച്ചാൽ എല്ലാം തീർന്നു പോകില്ലേ? അതുകൊണ്ട് മധുരപലഹാരം പകുതി തിന്നിട്ട് ശേഷമുള്ളതു സൂക്ഷിച്ചുവയ്ക്കുന്ന കുട്ടിയെപ്പോലെ അന്നു കുട്ടിയായിരുന്ന ഞാൻ ‘ബാഷ്പാഞ്ജലി’ തുടർന്നു വായിക്കാതെ അലമാരിയിൽ കൊണ്ടു വച്ചു.



ബൊഹുമിൽ ഹ്രോബെൽ

ഇതുതന്നെയാണ് യുവാവായിരുന്ന കാലത്ത് സുന്ദരികളെ കാണുമ്പോൾ എനിക്കുണ്ടായ അനുഭവവും. എനിക്ക് അവരുടെ കണ്ണുകളിൽ നോക്കാൻ കഴിയുമായിരുന്നില്ല. വാക്കുകൾ വേണ്ടപോലെ നാവിൽനിന്നു വീഴുകയില്ല. പെണ്ണിനെപ്പോലെ കാൽവിരലുകൾകൊണ്ട് ഭൂമിയിൽ വരകൾ വരച്ചു ഞാൻ നില്ക്കുമായിരുന്നു. കഴിയുന്നതും വേഗത്തിൽ ഞാൻ അവരോടു യാത്രചോദിച്ചു പോകുമായിരുന്നു. ഇത് എന്റെ അനുഭവം മാത്രമല്ല. മീലാൻ കുന്ദേരയെക്കാൾ വലിയ നോവലിസ്റ്റ് എന്നു ഞാൻ വിചാരിക്കുന്ന ബൊഹുമിൽ ഹ്രോബെൽ Closely Watched Trains എന്ന അതിസുന്ദരമായ നോവലിൽ എഴുതിയിരിക്കുന്നു: I’ve never been able to talk coherently to them. (beautiful people) I always sweated and stammered. I had such an admiration for beauty, and was so dazzled by it that I never could look a handsome person in the face (P. 8). എനിക്ക് ഏറ്റവും ഇഷ്ടമുള്ള കവിയാണ് വാൾട്ടർ ദ ല മർ. അദ്ദേഹത്തിന്റെ മനോഹരങ്ങളായ കഥകളുടെ സമാഹാരം എന്റെ കൈയിലുണ്ട്. അതുപോലെ കാവ്യസമാഹാരവും. രണ്ടും പൂർണ്ണമായി ഞാൻ വായിച്ചിട്ടില്ല. അതിസൗന്ദര്യം മുഴുവനുമാസ്വദിക്കാൻ എനിക്കു വയ്യ.

കാർത്തിക നക്ഷത്രത്തിൽ കന്യാകമാരി യുണ്ടോ?

ഈ ലോകത്ത് ഓരോ ആളും നിസ്സൂലനാണ്. ഒരു വ്യക്തി മറ്റൊരു വ്യക്തിയെപ്പോലിരിക്കുകയില്ല. അക്കാരണത്താൽ ഒരേ വസ്തുവിനെസ്സംബന്ധിച്ച് ഓരോ ആളിനും ഓരോ അവഗമനമാണ്.

അടുത്തകാലത്തുണ്ടായ സംഭവമാണ്. സമ്മേളനത്തിന്റെ അധ്യക്ഷനെന്നോ പ്രഭാഷകരായ ഞങ്ങൾ കാത്തിരിക്കുകയായിരുന്നു. ഒരു യുവാവ് പെട്ടെന്ന് മുറിയിലേക്കു കടന്നുവന്ന് എന്നോടു ചോദിച്ചു: “ഒരു സംശയമുണ്ട്. ഭൂമിയിൽ ഓടുന്ന തീവണ്ടി കടലിന്റെ മുകളിൽക്കൂടി ഓടാത്തത് എന്താണ് സാർ?” “ആലോചിച്ചു മറുപടി പറയാം”. എന്നു ഞാൻ അറിയിച്ചു. “മതി” എന്നു മൊഴിയാടിയിട്ടു വന്ന വേഗത്തിൽ അദ്ദേഹം പോയി. മറ്റു പ്രഭാഷകർ ആ ചോദ്യം ഉത്തരവും കേട്ടു ചിരിച്ചു. ഞാൻ ചിരിച്ചില്ല. ചിരിക്കാത്തതിനു കാരണം ഇതുപോലെയുള്ള പല ചോദ്യങ്ങളും ഞാൻ എന്നോടുതന്നെ ചോദിക്കാറുണ്ട് എന്നതാണ്. “ചന്ദ്രന്റെ തലസ്ഥാനം എന്താണ്?” “തിരുവനന്തപുരത്തെ പ്രധാനപ്പെട്ട റോഡിലൂടെ പോകുമ്പോൾ വേലുത്തമ്പിയുടെ പ്രതിമ കണ്ടാൽ നാഷനൽ ബുക്ക് സ്റ്റോളിൽ കയറി വൈലോപ്പിള്ളിയുടെ ‘മകരക്കൊയ്ത്ത്’ എന്ന കാവ്യസമാഹാരഗ്രന്ഥം ഞാൻ വാങ്ങുമോ?” “കാപ്പിക്കടയിൽനിന്നു തന്നെ കാപ്പിയിൽ തലമുടിനാരു കണ്ടാൽ രാമനാട്ടമോ കൃഷ്ണനാട്ടമോ ആദ്യമുണ്ടായതെന്ന് ആലോചിക്കാമോ?” “ജന്തുശാലയിൽച്ചെന്നു കടുവയെയും സിംഹത്തെയും കണ്ടാൽ ഏതിന്റെ പല്ല് തേച്ചുകൊടുക്കണമെന്ന് ആലോചിച്ചു നോക്കാമോ?”

വിജയൻ എസ്. കല്ലനാട് കുങ്കുമം വാരികയിലെഴുതിയ ‘ചരട്’ എന്ന കഥാസാഹസികൃം വായിച്ചുതീർത്തപ്പോൾ ഇതുപോലൊരു മണ്ടൻ ചോദ്യം ചോദിക്കാനാണ് എനിക്കു തോന്നിയത്. ചോദ്യം മനസ്സിലുണ്ട്, ചോദിക്കുന്നില്ല. വക്കീൽ നോട്ടീസ് വന്നാലോ?

ചോദ്യം, ഉത്തരം

ചോദ്യം: മീറ്റിങ്ങിനു പോകണമെന്ന് ഏറ്റിട്ട് പറ്റിക്കുന്ന നിങ്ങളെ, പുസ്തകം റെവ്യൂ ചെയ്യാമെന്ന് സമ്മതിച്ചിട്ട് അങ്ങനെ പ്രവർത്തിക്കാത്ത നിങ്ങളെ, ‘വീട്ടിൽ വരട്ടോ’ എന്നു ചോദിക്കുന്നവരോട് ‘ഞാൻ സാഹിത്യ അക്കാദമി മീറ്റിങ്ങിന് പോകുന്നു’ എന്നു കള്ളം പറയുന്ന നിങ്ങളെ കോടതിയിൽ കയറ്റിയാൽ എത്രവർഷം നിങ്ങൾ ജയിലിൽ കിടക്കും?

ഉത്തരം: “മരിക്കുന്നതുവരെ കിടക്കും. എനിക്കു മീറ്റിങ്ങിനു പോകുന്നത് ഇഷ്ടമുള്ള കാര്യമല്ല. നിർബന്ധിക്കുമ്പോൾ ചെല്ലാമെന്ന് കള്ളം പറയും. പുസ്തകങ്ങൾ റെവ്യൂ ചെയ്യാനുള്ള കോളമല്ല ഇത്. ചീത്തപ്പുസ്തകങ്ങൾ നല്ലതാണെന്നു മറ്റു വാരികകളിൽ ഞാൻ എഴുതുകയില്ല. ആളുകളെ പാട്ടിനു വിട്ടേക്കണം. അവരെ വീട്ടിൽച്ചെന്നുകണ്ട് രണ്ടും മൂന്നും മണിക്കൂർ നേരമിരുന്ന് ബോറടിച്ച് അവരുടെ ജോലികൾ തടസ്സമുണ്ടാക്കരുത്. One should be left alone എന്ന മതക്കാരനാണ് ഞാൻ. അതുകൊണ്ട് കള്ളം പറയാൻ നിർബ്ബന്ധമായിപ്പോകും ഈ എളിയവൻ. അതു പറഞ്ഞില്ലെങ്കിൽ സാഹിത്യവാരഫലം മുടങ്ങിപ്പോകും”.

ചോദ്യം: ദയ കാണിച്ചാൽ?

ഉത്തരം: അപമാനിക്കപ്പെടും. കഴിഞ്ഞയാഴ്ച ഒരു യാചകൻ ‘എന്തെങ്കിലും തരണ’മെന്ന് എന്നോട് അപേക്ഷിച്ചു. ഞാൻ അയാൾക്ക് ഒരുരൂപ കൊടുത്തിട്ട് വിട്ടിനകത്തുപോയി. ഒരു മണിക്കൂർ കഴിഞ്ഞ് വാതിൽ തുറന്നുനോക്കിയപ്പോൾ ഒരു രൂപയുള്ള പച്ചനോട്ട് പടിയിൽ വച്ചിരിക്കുന്നു. അടുത്തു പച്ചകറി വില്പന കടയുണ്ട്.

ചോദ്യം: ഹാവലിനെക്കുറിച്ച് എന്താണ് അഭിപ്രായം?

ഉത്തരം: മഹാനായ നാടകകർത്താവ്. അദ്ദേഹത്തിന്റെ Largo Desolato എന്ന നാടകം (English version by Tom Stoppard) അത്യുൽകൃഷ്ടമാണ്. നവീന നാടകങ്ങളിൽ അത് അദ്വിതീയമാണ്.

ചോദ്യം: ജൈടാറുണ്ടോ?

ഉത്തരം: ഉണ്ട്. ദിവസന്തോറും പലതവണ. ഡോർബെൽ പതക്കൻമട്ടിലമർത്തി വലിയ ശബ്ദം കേൾക്കുമ്പോൾ.

ചോദ്യം: പ്ലേ ബോയ് നേരമ്പോക്കൊന്നും വേണ്ട. യഥാർത്ഥത്തിൽ ഉണ്ടായ ഒരു സെക്സി ജോക്ക് അറിയാമെങ്കിൽ പറയൂ?

ഉത്തരം: മേരി ആൻഡേഴ്സൺ എന്ന ചലചിത്രതാരത്തിന്റെ പ്രൊഫൈൽ (പാർശ്വരൂപം) ഫോട്ടോ എടുക്കാൻ ഭാവിച്ചപ്പോൾ ഡയറക്ടർ ഹിച്ചകോക്കിനോട് അവർ ചോദിച്ചു: ഏതാണ് എന്റെ നല്ല ഭാഗം? ഹിച്ചകോക്ക് മറുപടി പറഞ്ഞു: ഓമനേ നീ അതിലാണ് ഇരിക്കുന്നത്.

ചോദ്യം: നിങ്ങൾ മരിച്ചുകഴിഞ്ഞാൽ ശവം പട്ടടയിൽ വച്ച് ദഹിപ്പിക്കണോ, വൈദ്യുതികൊണ്ട് ചാരമാക്കണോ, അതോ കുഴിച്ചിടണോ?

ഉത്തരം: മരിച്ചാൽപിന്നെ ഞാനൊന്നുമറിയുകയില്ല. അതുകൊണ്ട് പക്ഷികൾക്കു കൊത്തിത്തിന്നാനായി കാട്ടിലിട്ടാലും എനിക്കൊന്നുമില്ല.

ചോദ്യം: ഈ ലോകത്ത് നിങ്ങൾ ബഹുമാനിക്കുന്നത് ആരെ?

ഉത്തരം: മഹാത്മാഗാന്ധിയെ.

ചോദ്യം: അവാർഡുകൾക്ക് ഇപ്പോൾ ഒരു വിലയുമില്ലെന്ന് ഒരു എഴുത്തുകാരി പ്രസംഗിച്ചതു കേട്ടു. നിങ്ങളെ ഉദ്ദേശിച്ചല്ലേ അത്?

ഉത്തരം: എന്നെ ലക്ഷ്യമാക്കിയാണ് അവർ അതു പറഞ്ഞതെന്ന് എനിക്കു തോന്നുന്നില്ല. സാമാന്യ പ്രസ്താവം നടത്തുമ്പോൾ ചിലർ അത് തങ്ങൾക്കു ചേരുന്ന തൊപ്പിയാണെന്നു കരുതും. എന്റെ ചില സാമാന്യപ്രസ്താവങ്ങളിൽ കോപിച്ചിട്ടുണ്ട് ചില വ്യക്തികൾ. ഞാൻ എഴുതിയപ്പോൾ അവരെ സ്മരണപോലും ഉണ്ടായിരുന്നില്ല. ഇനി എന്നെ ലക്ഷ്യമാക്കിയാണ് അവർ അങ്ങനെ പറഞ്ഞതെങ്കിലും എനിക്കു വല്ലായ്മയില്ല. വലിയ സാഹിത്യകാരനായ ഗിരീഷ് കർണാട്, ബുദ്ധിശാലിനിയും സുന്ദരിയുമായ ചിത്രാസുബ്രഹ്മണ്യം, അമേരിക്കൻ അംബാസിഡർ ആയിരുന്ന പാൽക്കിവാല ഇവർ പ്രശംസിച്ചിതാണ് ഈ പംക്തി. ഇതിനു സമ്മാനം നിശ്ചയിച്ച മഹാവ്യക്തികളിൽ ഒരാളായിരുന്നു വൈസ് ചാൻസലർ അനന്തമൂർത്തി. അദ്ദേഹം ഇതിന്റെ മേന്മ പരോക്ഷമായി അംഗീകരിച്ച ആളാണ്.

ജീവനില്ല

ഏതാണ സത്യം എന്നതാണു പ്രശ്നം. ജീവിതം അനന്തമായി ആകർഷത്വമുള്ളതാണെന്നു സ്വയം തെളിയിക്കുമ്പോൾ ഉണ്ടാകുന്ന ഉറപ്പിന്റെ നിമിഷങ്ങളോ? അതോ നമ്മുടെ ഉണർന്നിരിക്കുന്ന ജീവിതങ്ങളെ നിറയ്ക്കുന്ന സാധാരണത്വത്തിന്റെ വേദനാജനകമായ ബോധമോ?

എന്റെ ദേശസ്നേഹം എന്ന വികാരം വായനക്കാരന്റെ ആ വികാരത്തിൽനിന്നു വിഭിന്നമായിരിക്കും. വായനക്കാരന്റെ വികാരത്തിനു സാന്ദ്രത കൂടുതലായിരിക്കാം. അതിന്റെ അളവ് വേറൊരു വിധത്തിലായിരിക്കാം. അതിനാൽ ദേശസ്നേഹമെന്ന വികാരത്തെ ഞാനും വായനക്കാരനും കാവ്യത്തിലൂടെ ആവിഷ്കരിച്ചാൽ രണ്ടുകാവ്യങ്ങളും വ്യത്യസ്തങ്ങളായിരിക്കും. അതുപോലെ വസ്തുക്കൾക്കല്ല പ്രാധാന്യം, അതിനെക്കുറിച്ച് ഓരോ വ്യക്തിക്കുമുണ്ടാകുന്ന തോന്നലിനാണ്. ഈ ലോകത്ത് ഓരോ ആളും നിസ്സൂലനാണ്. ഒരു വ്യക്തി മറ്റൊരു വ്യക്തിയെപ്പോലിരിക്കുകയില്ല. അക്കാരണത്താൽ ഒരേ വസ്തുവിനെസ്സംബന്ധിച്ച് ഓരോ ആളിനും ഓരോ അവഗമനമാണ്. ഒരു വ്യക്തിയിൽ വീണു കിടക്കുന്ന പൂവിനെക്കുറിച്ച് എന്തു തോന്നലുണ്ടായിയെന്നറിയാൻ മറ്റു വ്യക്തികൾക്കു താല്പര്യമുണ്ട്. സാഹിത്യാസ്വാദനത്തിന്റെ അടിസ്ഥാനഘടകം ഇതത്രേ. ആകെ 34 കഥാസന്ദർഭങ്ങളേയുള്ളു. വസ്തുക്കൾ പലതുണ്ടെങ്കിലും ഒന്നിനും മാറ്റമില്ല. ചന്ദ്രൻ എപ്പോഴും ചന്ദ്രൻതന്നെ. കടൽ എപ്പോഴും കടലും. പക്ഷേ, ആ കഥാസന്ദർഭങ്ങളെയും വസ്തുക്കളെയും സംബന്ധിച്ച് ഓരോരുത്തനുമുണ്ടാകുന്ന തോന്നലെന്തെന്നറിയാനാണ് ‘കടൽ ഇന്ന് എങ്ങനെയിരിക്കുന്നു? മമ്മൂട്ടി സുന്ദരനാണോ?’ എന്നൊക്കെ മറ്റുള്ളവർ ചോദിക്കുന്നത്. ഒരു വസ്തുവിനെക്കുറിച്ച് ഒരുത്തനുണ്ടാകുന്ന തോന്നൽ മറ്റൊരുത്തന് അതേ വസ്തുവിനെക്കുറിച്ചുണ്ടാകുന്ന തോന്നലിൽനിന്നു വിഭിന്നമല്ലെങ്കിൽ അത് ആഹ്ലാദദായകമായിരിക്കില്ല. ഈ ആഹ്ലാദദാരാഹിത്യമാണ് സി. എം. അഹമ്മദ്കുട്ടി മാതൃഭൂമി ആഴ്ചപ്പതിപ്പിലെഴുതിയ “ഓർമ്മയിൽ ഒരു പുഴ” എന്ന കാവ്യം വായിച്ചപ്പോൾ എന്റെ മാനസിക നിലയായി ഭവിച്ചത്.

> ഞങ്ങൾക്കൊരു പുഴയുണ്ടായിരുന്നെന്ന
> പൊങ്ങച്ചംപ്പോലും കൊണ്ടു നടപ്പു ഞാൻ
> മൂകം പിടിച്ചകിടന്ന മുങ്ങിത്തല
> നീർത്തുവാനാകാതു വറ്റിയെങ്കിലും

എന്ന വരികൾ വായിക്കുമ്പോൾ അനുവാചകന്റെ മനസ്സിൽ എന്തെങ്കിലും ചലനമുണ്ടോ? കാവ്യമാകെ വായിച്ചാലും അതുണ്ടാകുന്നുണ്ടോ? ഇല്ല. അഹമ്മദ്കുട്ടിയുടെ കാവ്യത്തിനു നിറമില്ല. അദ്ദേഹത്തിന്റെ വാക്കുകൾക്കു ശക്തിയില്ല. ശക്തിയില്ലാത്തതുകൊണ്ട് ധ്വനിയില്ല. നിർജ്ജീവങ്ങളായ കുറെ വരികൾ എഴുതി കാവ്യമെന്നു വിളിക്കുന്നു അദ്ദേഹം. Wye എന്ന നദിയെ നോക്കി വെഡ്സ്‌വർത്ത്

> Five years have past; five summers with the length
> Of five long winters! and again I hear
> These waters, rolling from their mountain-springs
> With Soft inland murmur

എന്നു പാടുമ്പോൾ എന്തു രസം! (Lines, Tintern Abbey, P. 163, The Poetical Works of Wordsworth, Oxford University Press), (തുടുതി എന്ന കാവ്യത്തിൽ കാണുന്നു. തുടിതി എന്ന വേണം. കൺകൾ എന്ന വേറൊരു പ്രയോഗം. അതും ശരിയല്ല. ‘ജലിച്ച കൺകൊണ്ടൊരു നോക്കുനോക്കി’ എന്ന വള്ളത്തോളിന്റെ പ്രയോഗം തെറ്റ്).

ദോഹനം



ഹാവൽ

ഇൻസ്റ്റന്റ് കോഫി പോലെ ഇൻസ്റ്റന്റ് കവിതയുമുണ്ട്. അനുഗ്രഹീതനായ കവി പാലാ നാരായണൻനായരുടെ ഒരുദാഹരണം കടം വാങ്ങട്ടെ. തിരുവനന്തപുരത്തെ ചായക്കടകളുടെ മുൻപിൽ എരുമയെ കൊണ്ടുവന്നു കെട്ടി പാലുകറന്നു കൊടുക്കുന്നതുപോലെ കവിത കറന്നുകൊടുക്കുന്ന കവികളുണ്ട് നമുക്ക്. പാൽപൊടിയല്ലല്ലോ പാലാണല്ലോ ചായയിൽ ചേർക്കുന്നത് എന്നു വിചാരിച്ചു ചായകടിക്കാനെത്തുന്നവർക്കു സന്തോഷം. വെള്ളം ചേർക്കാത്ത പാലു കിട്ടിയല്ലോ എന്നു വിചാരിച്ച് കടക്കാരനു സന്തോഷം. താൻ അപ്പോഴെങ്കിലും നാലുപേരുടെ മുൻപിൽ സത്യസന്ധനായല്ലോ എന്ന മനസ്സിലാക്കി കറവക്കാരനു സന്തോഷം. തൊട്ടടുത്ത് കാലുകൾ ഇളക്കിച്ചാടാതെ എരുമ നില്ക്കുന്നതുപോലെ കാവ്യവിഷയം അനങ്ങാതെ നിന്നാൽ കറവക്കാരനായ കവി എത്രകണ്ട് ആഹ്ലാദിക്കില്ല! ചൈന ഇന്ത്യയെ ആക്രമിച്ചപ്പോൾ വിഷയമാകുന്ന എരുമ തൊട്ടടുത്തുതന്നെയുണ്ടായിരുന്നു കവികൾക്ക്. കറന്നെടുക്കലോടുതന്നെ കറന്നെടുക്കൽ! ഇപ്പോൾ ഭാരതവും പാകിസ്ഥാനും തമ്മിലുള്ള യുദ്ധഭീഷണി എന്ന എരുമ മുൻപിൽ നിന്നിട്ടും ആർക്കം പാലുകറക്കേണ്ട. എങ്കിലും ഒരു കവി മുന്നോട്ടു വന്നു. എന്റെ സ്നേഹിതൻ പി. ജവഹറക്കുറുപ്പ് ദോഹനക്രിയ നടത്തുന്നു. പക്ഷേ, അദ്ദേഹം മറിഷിസ്സനം പിടിപ്പിച്ചില്ല ദ്രുധം പാത്രത്തിലേക്കു ഒഴുകുന്നത്. പാത്രത്തിൽ വെള്ളംവച്ചിട്ടില്ല.

> അജ്ഞതയെല്ലാമകറ്റി സ്വയം നിങ്ങ-
> ളർജ്ജുനന്മാരായുണർന്നെഴുന്നേല്ക്കുക.
> മൽക്കരങ്ങൾക്കുണ്ടു ശക്തിനിന്നാത്മാവിൽ
> നില്ലുന്നു ഞാൻ നീ പുറപ്പെട്ടുകൊള്ളുക
> ഇന്ദ്രധർമ്മയുദ്ധം ഉടരു വിജയത്തി-
> ലെങ്ങും കരുക്ഷേത്രയുദ്ധം സുനിശ്ചിതം.

എന്ന വരികളിലെ സ്വദേശസ്നേഹവും പ്രസാദാത്മകത്വവും എനിക്കിഷ്ടപ്പെട്ടു. (കാവ്യം കലാകൗമുദിയിൽ)

പുതിയ പുസ്തകം



“ഏതാണു സത്യം എന്നതാണു പ്രശ്നം. ജീവിതം അനന്തമായി ആകർഷത്വമുള്ളതാണെന്നു സ്വയം തെളിയിക്കുമ്പോൾ ഉണ്ടാകുന്ന ഉറപ്പിന്റെ നിമിഷങ്ങളോ? അതോ നമ്മുടെ ഉണർന്നിരിക്കുന്ന ജീവിതങ്ങളെ നിറയ്ക്കുന്ന സാധാരണത്വത്തിന്റെ വേദനാജനകമായ ബോധമോ? വാൻഹോഹിന്റെ ചില ചിത്രങ്ങൾ ഈ ജീവിതദൃഢീകരണത്തിന്റെ അതിശക്തങ്ങളായ ആവിഷ്കാരങ്ങളാണ്. എങ്കിലും അദ്ദേഹത്തിന്റെ ആത്മഹത്യാരേഖയിൽ “കഷ്ടപ്പാട് ഒരിക്കലും അവസാനിക്കില്ല” എന്നുണ്ടായിരുന്നു. നീചേയുടെ തത്ത്വചിന്ത ഉള്ളുകയറ്റുന്നതായിരുന്നു; കാല്പനികവിഷാദത്തിന്റെ നിരാകരണമായിരുന്നു. എങ്കിലും അദ്ദേഹം ഭ്രാന്തനായി മരിച്ചു... പ്രസാദാത്മകത്വത്തിൽനിന്ന് വിഷാദാത്മകത്വത്തിലേക്കും അതിൽനിന്ന് തിരിച്ചുങ്ങോട്ടുമുള്ള ഈ പാച്ചിൽകൊണ്ടാണ് ഷെയ്ക്സ്പിയറിന്റെ മക്ബത്ത് ജീവിതം വിഡ്ഢി പറയുന്ന കഥയാണെന്നു പറഞ്ഞത്”. ചിന്തോദീപകങ്ങളായ ഇത്തരം നിരീക്ഷണങ്ങൾ നിറച്ചുവച്ച പുസ്തകമാണ് കോളിൻ വിൽസന്റെ Beyond the Occult. അദ്ദേഹത്തിന്റെ The Occult എന്ന വിഖ്യാതമായ ഗ്രന്ഥത്തിന്റെ അനുബന്ധമാണിത്. ഭൗതികസത്യത്തിന് അപ്പുറത്തുള്ള സത്യത്തെ—അതീന്ദ്രിയസത്യത്തെക്കുറിച്ച് ഒരു നൂതനസിദ്ധാന്തം സ്ഥാപിക്കുന്ന ഈ പുസ്തകം എല്ലാവർക്കും സ്വീകരണീയമല്ല. പക്ഷേ, അവർക്കും ഇതിലുൾക്കൊള്ളിച്ച വിജ്ഞാനശകലങ്ങൾ പ്രയോജനപ്പെടും. കോളിൻ വിൽസന്റെ ‘ഇൻസൈറ്റ്’കൾ വിസ്മയം ജനിപ്പിക്കും.

മേരി ആൻഡേഴ്സൺ എന്ന ചലച്ചിത്രതാരത്തിന്റെ പ്രോഫൈൽ ഫോട്ടോ എടുക്കാൻ ഭാവിച്ചപ്പോൾ ഡയറക്ടർ ഹിച്ച്കോക്കിനോട് അവർ ചോദിച്ചു: ഏതാണ് എന്റെ നല്ല ഭാഗം? ‘ഹിച്ച്കോക്ക് മറുപടി പറഞ്ഞു: ‘ഓമനേ നീ അതിലാണ് ഇരിക്കുന്നത്’.

റ്റൊമാസ് മന്നിന്റെ Disillusionmentനൊരു കഥയെക്കുറിച്ച് ഗ്രന്ഥകാരൻ പറയുന്നുണ്ട്. കഥപറയുന്ന ആൾ ഒരപരിചിതനെ ഒരിടത്തുവച്ചു കണ്ടു. അയാൾ ചോദിച്ചു: ‘എന്റെ പ്രിയപ്പെട്ട സർ അങ്ങയ്ക്കറിയാമോ മോഹഭംഗമെന്നാൽ എന്തെന്ന്? ചെറിയ, പ്രധാനങ്ങളായ കാര്യങ്ങളിൽ പറ്റുന്ന പാളിച്ചകളല്ല. എല്ലാറ്റിലുമുള്ള വലിയ, പൊതുവായ നിരാശതയാണ്... ഞാൻ വെറും ശിശുവായിരുന്ന കാലത്ത് എന്റെ വീട്ടിൽ തീപിടിത്തമുണ്ടായി... വീടുമുഴുവൻ കത്തിയെരിഞ്ഞു. പ്രയാസപ്പെട്ടാണ് എന്റെ കുടുംബത്തെ രക്ഷിച്ചത്. എനിക്കു ചില പൊള്ളലുകൾ ഉണ്ടായി... അപ്പോൾ വീടു തീപിടിക്കുകയെന്നു പറഞ്ഞാൽ ഇതാണ്. ഇത്രയേയുള്ളു അല്ലേ? ഞാൻ ആദ്യമായി കടൽ കണ്ടു. സമുദ്രം വിപുലം. വിതിയുള്ളത്. എന്റെ കണ്ണുകൾ വിദൂരതയിൽ വിസ്തൃതിയിൽ അലഞ്ഞു. പക്ഷേ, ചക്രവാളമുണ്ടല്ലോ. അനന്തതയെ അഭിലഷിക്കുന്ന എനിക്കെന്തിനു ചക്രവാളം?... ഞാൻ മരണത്തെ സ്വപ്നം കാണുകയും അതിനുവേണ്ടി കാത്തിരിക്കുകയും ചെയ്യുന്നു... അവസാനത്തെ നിമിഷത്തിൽ ഞാൻ എന്നോടുതന്നെ പറയും. “അപ്പോൾ ഇതാണ് വലിയ അനുഭവം? ശരി അതുകൊണ്ടെന്ത്? അല്ലെങ്കിൽ ഇതെന്താണ്?”



ബോദലേർ

ഇതു ജീവിതത്തോടുള്ള നിഷേധാത്മകമായ നിലപാടാണുകൊണ്ട് കോളിൻ വിൽസന് ഇതംഗീകരിക്കാൻ വയ്യ. ബോദലേറിന്റെ Carcass എന്ന കാവ്യം റിൽക്കെക്ക് ഇഷ്ടപ്പെട്ടു. അഴുകുന്ന ശവത്തിന്റെ വർണ്ണനപോലും വായനക്കാരന്റെ മാനസികതീക്ഷ്ണത വർദ്ധിപ്പിച്ച് ആകർഷകമായിത്തീരണം എന്നാണ് അദ്ദേഹത്തിന്റെ മതം. പാരായണയോഗ്യമായ പുസ്തകമാണിത്. (Corgi Edition, 1989, Rs.90/-)

ദിനക്കുറിപ്പുകൾ

1. കൽക്കട്ടയിലെ ‘ആനന്ദ ബസാർ പത്രിക’യുടെ ചീഫ് സബ് എഡിറ്റർ ദയാപൂർവം എന്നെക്കാണാൻ വന്നു. ബി. ഡി. ഗോയങ്ക അവാർഡിനോടു ചേർത്തു തന്ന സൂര്യഭഗവാന്റെ റെപ്ലിക്കയുടെ അടുത്ത് എന്നെ നിറുത്തി അദ്ദേഹം ഫോട്ടോയെടുത്തു. പിന്നീട് പാശ്ചാത്യസാഹിത്യത്തെക്കുറിച്ചു പലതും ചോദിച്ചു. ഫ്വേന്റസ് എന്ന ലാറ്റിനമേരിക്കൻ സാഹിത്യകാരന്റെ സർഗ്ഗശക്തിയെക്കുറിച്ച് അദ്ദേഹം വാഗ്മിതയോടെ, അവഗാഹത്തോടെ സംസാരിച്ചു. എന്തൊരു അറിവ്. ഈ രീതിയിൽ നിശ്ശബ്ദരായി വായിക്കുന്ന അനേകമാളുകൾ എങ്ങുമുണ്ട്. അതു മനസ്സിലാക്കാതെ ‘ഞാൻ വായിച്ചു. ഇതു വായിച്ചു’ എന്നു പറയുന്നത് മൗഢ്യം.
2. കാളിദാസന്റെ ‘രഘുവംശം’ വായിക്കാനെടുത്തു. എത്രാമത്തെ തവണയാണ് അതു വായിക്കുന്നതെന്ന് അറിഞ്ഞുകൂടാ. തേൻ കടിക്കുന്നതുപോലെയാണ് രഘുവംശപാരായണം. ഇത്ര മനോഹരമായ കാവ്യത്തിന്റെ കർത്താവ് സുന്ദരനായിരിക്കുമോ? പണ്ട് ഞാനിക്കാര്യം കെ. സുരേന്ദ്രനോടു സംസാരിച്ചു. അദ്ദേഹം പറഞ്ഞതിങ്ങനെ: ‘കാളിദാസൻ വിരൂപനായിരുന്നിരിക്കും. ആ വൈരൂപ്യമാണ് സൗന്ദര്യ ചിത്രീകരണത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചത്’. അതുകേട്ടു ചെറുതിട്ട നാരായണക്കുറുപ്പ് അഭിപ്രായപ്പെട്ടു. ‘കാളിദാസൻ അതിസുന്ദരനായിരുന്നിരിക്കും. നല്ല പൊക്കം, വെളുപ്പുനിറം. ബംഗാൾ ചിത്രകലയിലെ നീണ്ട കണ്ണുകൾപോലുള്ള കണ്ണുകൾ. പാളത്താറ്’. ഇതിൽ ഏതു സത്യം? എനിക്കിപ്പോൾ കാളിദാസനെ കാണണമെന്നു തോന്നുന്നു.
3. ഒരു സന്ന്യാസി എന്നെ കാണാൻ വന്നു. അദ്ദേഹത്തെ കണ്ടപ്പോൾ 1955-ലുണ്ടായ ഒരു സംഭവം ഓർമ്മയിലെത്തി. അന്ന് ഞാൻ തിരുവനന്തപുരം സംസ്കൃതകോളേജിലെ അധ്യാപകനായിരുന്നു. ഓഫീസ് റൂമിൽ അവിടത്തെ ക്ലാർക്കിനോടു സംസാരിച്ചിരിക്കുകയായിരുന്നു ഞാൻ. എവിടെനിന്നോ എത്തിയ ഒരുസന്ന്യാസി ഗോപാലപിള്ളസ്സാറിനെ കാണണമെന്ന് ആവശ്യപ്പെട്ടു. ‘സാറ് ഇപ്പോൾ വരും, ഇരുന്നാട്ടെ’ എന്നു ക്ലാർക്ക് അറിയിച്ചു. ഇരിക്കാൻ ഭാവിച്ച സന്ന്യാസിയുടെ തോളിൽനിന്ന് കാഷായനിറമാർന്ന രണ്ടാമുണ്ട് താഴെ വീണു. സന്ന്യാസിമാരോട് പൊതുവേ ബഹുമാനമുള്ള ശ്രദ്ധാത്മാവായ ക്ലാർക്ക് ചാടിയെഴുന്നേറ്റ് അദ്ദേഹത്തോടു പറഞ്ഞു: ‘അങ്ങയുടെ കൗപീനം താഴെ വീണു’. സന്ന്യാസി ചിരിച്ചില്ല. ഞാൻ ചിരിക്കാതിരിക്കാൻവേണ്ടി ഓടിക്കളഞ്ഞു.

പ്രതിലോമഗതി

മനുഷ്യൻ അനുനിമിഷം വളരുന്നുണ്ടെങ്കിലും അവന്റെ മനസ്സ് വളരുന്നില്ല. ശരീരത്തിന്റെ വയസ്സ് എഴുപതായിരിക്കും. ആ എഴുപതുകാരന്റെ മാനസിക വയസ്സ് പത്തായിരിക്കും. മെന്റൽ എയ്ജ് പത്തായവർക്കാണ് പൈങ്കിളി നോവലുകൾ എഴുതാൻ കൗതുകം. അവ വായിച്ചു രസിക്കുന്നവർക്കും മനസ്സിന്റെ വയസ്സ് പത്തു തന്നെ.

മനുഷ്യൻ അനുനിമിഷം വളരുന്നുണ്ടെങ്കിലും അവന്റെ മനസ്സ് വളരുന്നില്ല. ശരീരത്തിന്റെ വയസ്സ് എഴുപതായിരിക്കും. ആ എഴുപതുകാരന്റെ മാനസികവയസ്സ് പത്തായിരിക്കും. മെന്റൽ എയ്ജ് പത്തായവർക്കാണ് പൈങ്കിളിനോവലുകൾ എഴുതാൻ കൗതുകം. അവ വായിച്ചു രസിക്കുന്നവർക്കും മനസ്സിന്റെ വയസ്സ് പത്തു തന്നെ. മണിയൂർ ഇ. ബാലൻ വളരെക്കാലമായി കഥയെഴുതുന്നു. അതുകൊണ്ട് അദ്ദേഹം യുവാവായിരിക്കാൻ ഇടയില്ല. അദ്ദേഹത്തിന്റെ മെന്റൽ എയ്ജ്—മാനസികവയസ്സ്—ഫിസിക്കൽ എയ്ജിന്—ശാരീരികവയസ്സിന്—അനുരൂപമാണോ? ആണെങ്കിൽ ചതിക്കുഴികൾ എന്ന ചെറുകഥ അദ്ദേഹം എഴുതുമായിരുന്നില്ല. ആരെയും സഹായിക്കാൻ ഒരുത്തനെ സ്വന്തം കഞ്ഞിനെ ഏല്പിച്ചിട്ട് ഒരു സ്ത്രീ ആത്മഹത്യ ചെയ്യുന്നു. കഥയുടെ പൂർവഭാഗം മലബാർ കെ. സുകുമാരന്റെ “ആരാന്റെ കുട്ടി” എന്ന ചെറുകഥയെയാണ് എന്റെ ഓർമ്മയിൽ കൊണ്ടുവന്നത്. അതു പോകട്ടെ. കഥാസാഹിത്യം വളർന്ന ഇക്കാലത്ത് ഇങ്ങനെയുമുണ്ടോ ഒരു കഥ? സംസ്കാരത്തെ മുന്നോട്ടു കൊണ്ടു പോകുന്നവനും അതിനെ പിടിച്ചു പിറകോട്ടു വലിക്കുന്ന വരുമുണ്ട്. ടാഗോർ പാടിയ കാലത്ത് ഒരു സായ്പ് ജാലിയൻവാല ബാഗിൽ അനേകം ഭാരതീയരെ വെടിവച്ചുകൊന്നു. മണിയൂർ ഇ. ബാലൻ ഈ കഥയിലൂടെ ‘റിട്രോഗ്രഷൻ’—retrogression = പിന്നോക്കം പോക്ക്—നടത്തുകയാണ്.

ഞാൻ എന്റെ കൂട്ടുകാരനായ ഒരു ഫ്രഞ്ചുകാരനോടു പറഞ്ഞു: ജീവിതം സങ്കീർണ്ണവും ഉദാത്തവും മനോഹരവുമാണ്. ഞങ്ങളുടെ കഥാകാരന്മാർ അതിനെ വിരൂപമാക്കുന്നു.

മസ്തിഷ്കപ്രധാനം

ഓരോ കവിക്കും സ്വന്തമായ കാവ്യസങ്കല്പമുണ്ട്. അതിനു വിപരീതമായ കാവ്യസങ്കല്പമുള്ള കവിയുടെ കാവ്യം ആ കവിക്ക് ഇഷ്ടപ്പെടുകയില്ല.

A. Alwarez അവതാരിക എഴുതിയ Miroslav Holub-ന്റെ ഒരു കാവ്യസമാഹാരഗ്രന്ഥം എന്റെ കൈയിലുണ്ട്. ആളുകൾ വർത്തമാനപത്രം വായിക്കുന്നതുപോലെയോ ഫുട്ബോൾ കളി കാണാൻ പോകുന്നതുപോലെയോ കവിത വായിക്കണമെന്ന് അഭിപ്രായപ്പെട്ട കവിയാണ് അദ്ദേഹം. (Martin Seymour Smith) പക്ഷേ, താൻ ഉദ്ഘോഷിച്ച ഈ കലാതത്ത്വം അദ്ദേഹത്തിന്റെ കവിതയ്ക്കു ചേരുന്നതല്ല. വർത്തമാനപ്പത്രം വായിച്ചാൽ കാര്യങ്ങൾ മനസ്സിലാകും; സിനിമ കണ്ടാൽ രസമുണ്ടാകും. ഹോലുബിന്റെ കവിത ദുർഗ്രഹവും വിരസവുമാണ്. പരീക്ഷണപരമായതിനാൽ ദുർഗ്രഹം. ഭാവാത്മകതയില്ലാ അതിനാൽ വിരസം.

Prince Hamlet’s Milk Tooth എന്ന കാവ്യത്തിൽ നിന്ന് ഒരുഭാഗം എടുത്തെഴുതാം.

> At dusk you hear the drunken
> revels of the Danes
> and the trampling of the pollinated flowers
> at dawn the typewriters tap out
> piles of loyalty checks,
> with skelton fingers,
> at noon the paper tigers roar
> ......
> Hamlet, we’re on our way

ഇവിടെ ചൂണ്ടിക്കാണിച്ച രണ്ടു ദോഷങ്ങളും ഈ കാവ്യഭാഗത്തിനുണ്ട്. ഹോലുബ് മസ്തിഷ്കപരങ്ങളായ വരികളെഴുതുന്ന കവി മാത്രമാണ്.

ഒരു കാലത്ത് മാർക്സിസ്റ്റായിരുന്നെങ്കിലും ഇന്ന് അദ്ദേഹം അങ്ങനെയല്ല. I was never in the Communist Party... Before the Communist Coup of 1948 I was in the Czech Socialist party എന്ന് The Economist വാരികയുടെ ലേഖകനോടു പറഞ്ഞ് അദ്ദേഹം ഭൂതകാലത്തെ നിരാകരിക്കുന്നു. വർത്തമാനകാലത്തിനു യോജിച്ചവിധത്തിൽ സംസാരിക്കുന്നു. അക്കാലത്തെ സർക്കാരിന്റെ ക്രൂരതയാലാണ് ഭാവാത്മകത്വം ഉപേക്ഷിക്കേണ്ടിവന്നതെന്നു അദ്ദേഹം അഭിപ്രായപ്പെടുന്നു. It is better not to express inner feelings because, frankly, you cannot flow about your feelings. The conditions are so terrible that the only thing is plain statement. (The Economist 2–9 June)



ആന്ന ആഹ്മാതവ

അവസ്ഥാവിശേഷങ്ങൾ ഭയജനകങ്ങളായാൽ തുറന്ന പ്രസ്താവം സാദ്ധ്യമാകുമോ? ഈ കവി സൂചിപ്പിക്കുന്ന ഭയജനകങ്ങളായ അവസ്ഥകൾ ഉള്ളപ്പോഴല്ല ആന്ന ആഹ്മാതവയും മറ്റനേകം കവികളും ഭാവാത്മകങ്ങളായ കാവ്യങ്ങൾ എഴുതിയത്. നമ്മുടെ ചില നവീന കവികളുണ്ടല്ലോ. അവരുടെകൂടെ നിൽക്കാൻ മാത്രം യോഗ്യനാണ് ഹോലുബ്.

ലജ്ജാവഹം

പണ്ടത്തെക്കാര്യമാണു പറയുന്നത്. ആരും അതുകൊണ്ടു വഴക്കിനു വരരുത്. അക്കാലത്ത് ഒരു സ്ത്രീ എന്നോട് ആറുചോദ്യക്കടലാസ്സുകൾ ഉണ്ടാക്കിക്കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. പുസ്തകങ്ങളൊക്കെ വായിക്കണം. മുൻപ് ചോദിച്ചിട്ടില്ലാത്ത ചോദ്യങ്ങൾ ഉണ്ടാക്കണം. അതിനും പുറമെ ദൗർഭാഗ്യംകൊണ്ട് പരീക്ഷയ്ക്കുമുൻപ് ചോദ്യക്കടലാസ്സ് ചോർന്നാൽ ആ സ്ത്രീ ചെന്ന് അധികാരികളോടു പറയും ‘ആ കൃഷ്ണൻനായരെ വിശ്വസിച്ചു ഞാൻ. അതുകൊണ്ടു പറ്റിയ പറ്റാണ്’ എന്ന്. അതിന്റെ പേരിൽ എന്നെ ഒന്നും ഒന്നും ചെയ്യാൻ ഒക്കുകില്ലെങ്കിലും അധികാരികൾക്ക് എന്നെ, ഇല്ലാത്ത കെയ്സുണ്ടാക്കി കുടുക്കാം. അക്കാരണങ്ങളാൽ ഞാൻ അവരോടു ‘വയ്യ’ എന്നങ്ങു പറഞ്ഞു. അവരുണ്ടോ വിട്ടു പോകുന്നു. നിർബ്ബന്ധത്തിനു വഴങ്ങി ഞാൻ ആറു ചോദ്യക്കടലാസ്സുകൾ ഉണ്ടാക്കി. സന്തോഷത്തോടെ അവ വാങ്ങി നോക്കിയിട്ട് അവർ പറഞ്ഞു: ‘കൃഷ്ണൻനായർ വൈകന്നേരം വരണം. ഞാനിതു വരയിട്ട കടലാസ്സിൽ പകർത്തിവയ്ക്കും. അതുകൂടി നിങ്ങളൊന്നു നോക്കണം’ ഞാൻ അതനുസരിച്ച് അവരുടെ വീട്ടിൽച്ചെന്നപ്പോൾ പകർത്തിവച്ച ചോദ്യക്കടലാസ്സുകൾ അവരെടുത്തു തന്നു. നോക്കിയപ്പോൾ ‘ഘടോൽഘചൻ എന്നു ശ്രീമതിയുടെ കൈയെഴുത്തുപ്രതിയിൽ കണ്ടു. ഘടോത്കചൻ എന്നു ഞാനെഴുതിയത് പകർത്തിയപ്പോൾ ഘടോൽഘചനായി. ഞാൻ ആ പേരു വിരൽകൊണ്ടു തോട്ടിട്ട് ‘ഈ പേര്, ഈ പേര്’ എന്നു പറഞ്ഞു. ഘടോത്കചനല്ല ഘടോൽഘചൻതന്നെന്ന് അവർ വാദിച്ചു. തലമുടിയില്ലാതെയാണ് മകൻ ജനിച്ചതെന്നും അതിനാൽ ഘടംപോലെ—കടംപോലെ—തലയുള്ള അവനു ഘടോത്കചൻ എന്ന് അച്ഛനമ്മമാർ പേരിട്ടെന്നും ഞാൻ അറിയിച്ചു. മറ്റു മാർഗ്ഗമില്ലാതെ അവർ ശബ്ദമുയർത്തിപ്പറഞ്ഞു: ‘എന്റെ കൈയിലുള്ള മഹാഭാരതത്തിൽ ‘ഘടോൽഘചൻ’ എന്നാണ്. പിന്നെ ഞാനൊന്നും മിണ്ടിയില്ല.

‘സംസ്കാര കേരളം’ ത്രൈമാസികത്തിൽ പി. വി. തമ്പിയുടെ കർമ്മയോഗിയായ കമ്മമ്പള്ളിൽ രാമൻപിള്ള ആശാൻ എന്ന ലേഖനം വായിച്ചപ്പോൾ ഈ പഴയ സംഭവം ഞാൻ ഓർമ്മിച്ചുപോയി. “മഹാകവി ഉള്ളൂർ തന്റെ കേരള സാഹിത്യചരിത്രത്തിൽ (വാല്യം 4, പേജ് 243–247) രാമൻപിള്ള ആശാന്റെ ഒരു ലഘുജീവചരിത്രം പ്രസിദ്ധം ചെയ്തിട്ടുള്ളതും...” എന്നു കണ്ടപ്പോൾ ഞാൻ ആ ഗ്രന്ഥമെടുത്ത് 243-ആം പെയ്ജ് തൊട്ട് 247-ആം പെയ്ജ് വരെ നോക്കികയുണ്ടായി. അവിടെയെങ്ങും കമ്മമ്പള്ളിൽ രാമൻപിള്ള ആശാനെക്കുറിച്ച് ഒന്നും കണ്ടില്ല. പി. വി. തമ്പിയുടെ കൈയിലുള്ള പുസ്തകത്തിൽ ആ പെയ്ജുകളിലായിരിക്കും ആശാൻ വിണങ്ങിക്കുന്നതെന്നു വിചാരിച്ച് എന്റെ കൈയിലുള്ള പുസ്തകത്തിലെ 225-ആം പുറം തൊട്ട് 230-ആം പുറംവരെയുള്ള ഭാഗം വായിച്ചു. പിന്നീട് പി. വി. തമ്പിയുടെ പ്രബന്ധവും. “കേരള സാഹിത്യചരിത്രത്തിലെ വിവരങ്ങളും അദ്ദേഹത്തിന്റെ അനന്തരാവകാശികൾ സൂക്ഷിച്ചിട്ടുള്ള ആധികാരികപ്രമാണങ്ങളും ആധാരമാക്കിയാണ് ഞാൻ ഈ പഠനം തയ്യാറാക്കിയത്”. എന്നു ലേഖകൻ എഴുതിയതു കണ്ട് വിജ്ഞാനദാഹമുള്ള ഞാൻ ആ ലേഖനം “ആർത്തി”യോടെയാണ് വായിച്ചത്. പക്ഷേ, ദൗർഭാഗ്യത്താലാവണം ഉള്ളൂർ പറഞ്ഞതിൽക്കവിഞ്ഞ് തമ്പി അവർകൾ വളരെയൊന്നും പറഞ്ഞിട്ടില്ല എന്നേ ആഗ്രഹിക്കാൻ കഴിഞ്ഞുള്ളു. പദ്യഭാഗങ്ങൾ ഉദ്ധരിച്ചതും ഭാഷാചരിത്രത്തിൽ ഉള്ളവതന്നെ. ‘യസ്യാംബ...’ എന്ന് ഉള്ളൂർ. ‘യസ്യാംബ...’ എന്നു തമ്പി. “വീരശിഖാമണിഗ്രാമവാസി...” എന്ന് ഉള്ളൂർ. “വീരശിഖാമണിഗ്രാമവാസി...” എന്നു തമ്പി. “ഖലനധികനികൃതിപരനായ ധർമ്മിഷ്ഠനായ” എന്നു തമ്പി. “അങ്ഗമശേഷം...” എന്ന് ഉള്ളൂർ. “അങ്ഗമശേഷം...” എന്നു തമ്പി. ഉള്ളൂർ പുസ്തകങ്ങൾ കണ്ടു. പി. വി. തമ്പി ഉള്ളൂർ എടുത്തെഴുതിയവ കണ്ടു. ഉദ്ധരിച്ച ഭാഗത്തിന്റെ പര്യവസാനവും ഒരുപോലെ. ഒരുവരിപോലും കൂടുതലില്ല. തമ്പിയുടെ ലേഖനത്തിൽ “ഗുരുമതിയാം കൈലാസക്ഷിതിസുരശിഷ്യനാകും...” എന്നൊരു കാവ്യഭാഗം വെളുത്തേരിയുടേതായി ഉദ്ധരിച്ചിട്ടുണ്ട്. അതെങ്കിലും തനിയെ കണ്ടല്ലോ എന്ന് ആഹ്ലാദിച്ചു ഞാനിരുന്നു. അപ്പോഴാണ് സാഹിത്യചരിത്രത്തിന്റെ 231-ആം പെയ്ജിൽ എന്റെ കണ്ണു ചെന്നുവീണത്. അവിടെയുണ്ട് ആ ഭാഗം. പി. വി. തമ്പി “ആധാരമാക്കിയ ആധികാരിക പ്രമാണങ്ങ”ളുടെ സ്വഭാവം കണ്ടില്ലേ? തെറ്റില്ല. ഉള്ളൂരിന്റെ രചനകൾ ആധികാരികപ്രമാണങ്ങൾതന്നെ. കട്ടികൾക്കുള്ള ചോദ്യക്കടലാസ്സിൽ വള്ളത്തോളിന്റെ ഒരു ശ്ലോകം കൊടുത്തിട്ട് വ്യാഖ്യാനമെഴുതുക എന്നു നിർദ്ദേശിച്ചിരിക്കും. അഞ്ചാമത്തെചോദ്യം ‘വള്ളത്തോളിന്റെ ദേശഭക്തിയെക്കുറിച്ച് ഉപന്യസിക്കുക’ എന്നമായിരിക്കും. വിദ്യാർത്ഥി അഞ്ചാംചോദ്യത്തിനു ഉത്തരമെഴുതുമ്പോൾ ഒന്നാംചോദ്യത്തിലെ ദേശഭക്തി വികാരരഹിതമായ ശ്ലോകമെടുത്തെഴുതിയിട്ട് ‘ഇതുപോലെ എത്രയെത്ര ശ്ലോകങ്ങൾ വേണമെങ്കിലും ഉദ്ധരിക്കാവുന്നതാണ്’ എന്ന് എഴുതിവയ്ക്കും. തമ്പിയും ആ വിദ്യാർത്ഥിയും തമ്മിൽ എന്തേ വ്യത്യാസം? മഹാകവി ഉള്ളൂർ എഴുതിയതിൽക്കവിഞ്ഞ് പി. വി. തമ്പിയുടെ പ്രബന്ധത്തിൽ വളരെയൊന്നുമില്ല എന്നത് ഒന്നുകൂടെ പറയട്ടെ. ഒരു വ്യത്യാസമുണ്ട്. ഉള്ളൂർ സാക്ഷേപണവൈദഗ്ദ്ധ്യത്തോടെ ആവിഷ്കരിച്ചത് തമ്പി അവർകൾ അടിച്ചുടച്ചു പരത്തിയിട്ടിരിക്കുന്നു. അത്യുക്തികളും വാക്യവൈകല്യങ്ങളും ധാരാളമുണ്ട് ഈ പ്രബന്ധത്തിൽ. സംസ്കാര കേരളം ത്രൈമാസികത്തിന് ഈ ലേഖനം ഭൂഷണമല്ല.

ഓരോ കവിക്കും സ്വന്തമായ കാവ്യസങ്കല്പമുണ്ട്. അതിനു വിപരീതമായ കാവ്യസങ്കല്പമുള്ള കവിയുടെ കാവ്യം ആ കവിക്ക് ഇഷ്ടപ്പെടുകയില്ല. അരവിന്ദ്ഘോഷിന്റെ കാവ്യസിദ്ധാന്തങ്ങൾ ശരിയല്ലെന്ന് ഒരിക്കൽ ജി. ശങ്കരക്കുറുപ്പ് എന്നോടു പറഞ്ഞു.



“കൃഷ്ണൻനായർ ചങ്ങമ്പുഴത്തൊപ്പി ഉണ്ടാക്കി വച്ചിട്ട് ഓരോ കവിയുടെയും തലയിൽ അതു വച്ചുനോക്കുന്നു. ‘ചേരുന്നില്ല ചേരുന്നില്ല’ എന്ന മുറവിളി കൂട്ടുന്നു”. ഇങ്ങനെ എൻ. വി. കൃഷ്ണവാരിയർ എന്നെക്കുറിച്ച് ഒരാളോടു പറഞ്ഞു. ആ ഏഷണിക്കാരൻ ഉടനെതന്നെ അത് എന്നെ അറിയിച്ചു. ശരിയല്ല ആ പ്രസ്താവം. ചങ്ങമ്പുഴയുടെ തൊപ്പി ജി. ശങ്കരക്കുറുപ്പിനു ചേരില്ലല്ലോ. എങ്കിലും ജിയെ ഞാൻ ബഹുമാനിക്കുന്നു. മഹാകവിയെന്ന നിലയിൽ. പ്രൊപർഷസും ഒവിഡും, വെർജിലിനെയും അദ്ദേഹത്തിന്റെ കാവ്യം, ഇനിയിഡിനെയും ആക്ഷേപിച്ചിരുന്നു (Less Than One, Essays, J. Brodsky).

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.